## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **350**

**14/7/2015**- ലെ മറുപടിക്ക്

### സഹകരണ സംഘങ്ങളുടെ വികസനം

**ചോദ്യം**

ശ്രീ. സി.പി.മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
(സഹകരണവും ഖാദിഗ്രാമ
വ്യവസായവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) സഹകരണ സംഘങ്ങളുടെ ആധുനികവൽകരണത്തിനും പ്രൊഫഷണലിസത്തിനും ഊന്നൽ നൽകി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br><br>ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) & (ബി) | സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. പ്രധാന മായും കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം, ആർ.റ്റി.ജി.എസ്, എൻ.ഇ.എഫ്.ടി മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ആണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. ജില്ലാ സഹകരണ ബാങ്കുകളുടേയും അർബൻ സഹകരണ ബാങ്കുകളുടേയും ഭരണസമിതിയിൽ പ്രൊഫഷണൽ യോഗ്യതയുള്ള രണ്ടു പേരെ തെരഞ്ഞെടുക്കാനുള്ള വ്യവസ്ഥയുണ്ട്. 97-ാം ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തി കേരള നിയമസഭ പാസ്സാക്കിയ 2013 ലെ കേരള സഹകരണ സംഘം ഭേദഗതി നിയമത്തിലെ (2013 ലെ 8-ാം നമ്പർ. നിയമം) വകുപ്പ് 28 ൽ എല്ലാ സഹകരണ സംഘങ്ങളിലും അതാത് സംഘങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യത്തിനനുസൃതമായി പ്രൊഫഷണൽ യോഗ്യതയുള്ളവരെ കോ-ഓപ്റ്റ് ചെയ്യാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സി) ഏതെല്ലാം ഏജൻസികളുടെ സഹകരണ മാണ് ഈ മേഖലയിൽ ഉപയോഗ പ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

സി) നബാർഡിന്റെ ആഭിമുഖ്യത്തിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, കോട്ടയം വയനാട്, കോഴിക്കോട്, മലപ്പുറം , കാസർഗോഡ് ഇടുക്കി എന്നി ജില്ലാ സഹകരണ ബാങ്കുകൾ CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തിയിട്ടുണ്ട്. അർബൻ ബാങ്കുകളിൽ NAFCUB ന്റെ ആഭിമുഖ്യത്തിലും മറ്റുള്ളവ സ്വന്തമായിട്ടുമാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്. പ്രാഥമിക സഹകരണ സംഘങ്ങളും സർവ്വീസ് സഹകരണ ബാങ്കുകളും സ്വന്തം നിലയിലാണ് കോർ ബാങ്കിംഗ് നടപ്പിലാക്കി വരുന്നത്.

ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഡി) നബാർഡിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക നുസൃതമായി കോർ ബാങ്കിംഗ് നടപ്പിലാക്കി യിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളിലെ ഹെഡാഫീസുകളിൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് കോർ ബാങ്കിംഗ് നടപ്പിലാക്കു ന്നതിനോടൊപ്പം ജീവനക്കാർക്ക് അതിനു വേണ്ടുന്ന പരിശീലനവും ബാങ്കുകൾ നൽകി വരുന്നു. സർവ്വീസ് സഹകരണ ബാങ്കുകളിൽ ഏകീകൃതമായ പദ്ധതി നടപ്പിലാക്കുന്നതിനും ആലോചിച്ചു വരുന്നു.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**